LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴറിക്കടവ്, ത്രുതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ, കൂട്ടിലങ്ങാടി, മങ്കട, അങ്ങാടിപ്പുറം എന്നീ പഞ്ചായത്തുകളിലായി 95.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (3)* ആയി ചേർത്തിരിക്കുന്നു. ജലനിധി പദ്ധതിയുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ സംസം, കുറുവ SLC, ചൊറ്റാണ എന്നീ പദ്ധതികളും പുഴക്കാട്ടിരി പഞ്ചായത്തിലെ സഫ, തോട്ടത്തൊടി, കണ്ണൻ പറമ്പ് എന്നീ കുടിവെള്ള പദ്ധതികളും ജലനിധി സുസ്ഥിരത പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

**കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം**

190(696) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ നിലവിൽ കുഴൽക്കിണർ സ്കീമുകളാണ് പ്രവർത്തിക്കുന്നത്. മെച്ചപ്പെട്ട ജലവിതരണം ഉറപ്പാക്കുന്നതിനായി ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പള്ളിപ്പാട് ജല ശുദ്ധീകരണ ശാലയിൽനിന്നും കണ്ടല്ലൂർ പഞ്ചായത്തിലെ കോഴിക്കായൽവാരത്തെ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 38.21 കോടി രൂപയുടെയും ദേവികുളങ്ങര കൂട്ടുംവാതിക്കൽ കടവിൽ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 41.17 കോടി രൂപയുടെയും പദ്ധതിക്ക് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് 19-5-2021-ൽ നൽകിയിട്ടുണ്ട്. ഡി.പി.ആർ അംഗീകരിച്ച് തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ജല ശുചിത്വ മിഷനിൽ സമർപ്പിച്ച് അനുമതി വാങ്ങി സംസ്ഥാന ജല ശുചിത്വ സമിതിയിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) കായംകുളം നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പഴയ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്റ്റേറ്റ് പ്ലാൻ, ജലജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ**

191(697) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

തിരുവമ്പാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. കോടഞ്ചേരി പഞ്ചായത്തിൽ 56 കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തി - പൂർത്തീകരിച്ചു.
2. തിരുവമ്പാടി പഞ്ചായത്തിൽ 61 കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തി - പൂർത്തീകരിച്ചു.
3. കാരശ്ശേരി പഞ്ചായത്തിൽ 104 കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തി -പൂർത്തീകരിച്ചു.

**കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ**

192(698) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച 108 കോടി രൂപയുടെ ടെണ്ടർ നടപടി പൂർത്തിയായോ; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly